ശ്രീ. പി. ജെ. ജോസഫ് : ഞാൻ ആദ്യം ഉത്തരം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉണ്ടായിരുന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്. മലേഷ്യൻ ഗവൺമെന്റിന്റെ സഹായത്തോടെ വർക്ക് ഏറ്റെടുക്കുകയാണ്. അതിന്റെ പ്രയോറിറ്റിയുള്ള അഞ്ച് വർക്കുകളിൽ ഒന്നാണ് കൊല്ലം ബൈപാസ്. ഏകദേശം നൂറുകോടി രൂപ മുടക്കി ഒരു കൊല്ലംകൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു കൊല്ലം എന്നു പറഞ്ഞാൽ ഇപ്പോൾ അത് വളരെ കുറഞ്ഞ കാലാവധിയാണ് എന്ന് തോന്നാമെങ്കിലും ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും രാജ്യത്തിന് പുറത്തും ഈ വർക്കുകളൊക്കെ ഒറ്റക്കൊല്ലം കൊണ്ടാണ് തീർക്കുന്നത്. അതുകൊണ്ട് നമ്മൾ ടെണ്ടർ വിളിക്കുമ്പോൾ തന്നെ വൺ ഈയർ ഇട്ടാണ്, ആർ.ഒ.ബി-സ് മുഴുവൻ വൺ ഈയർ കണ്ടീഷനിലാണ്. വൺ ഈയർ കണ്ടീഷന് കമ്പനികൾ രംഗത്ത് വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് കൊല്ലം ബൈപാസ് ഒരു കൊല്ലം കൊണ്ട് തീരും.

ശ്രീ. സി. പി. ബാലൻ വൈദ്യർ : കോഴിക്കോട് ബൈപാസ് എന്നത്തേയ്ക്ക് പണി പൂർത്തിയാകും ; അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. ജെ. ജോസഫ് : കോഴിക്കോട് ബൈപാസിനെ സംബന്ധിച്ചിടത്തോളം 24 കോടി രൂപ മുടക്കിയുള്ള വർക്കുകൾ നമ്മൾ ആരംഭിച്ചു. അതിൽ ഒരൊറ്റ പാലത്തിന് ചില പ്രശ്നങ്ങൾ ഉണ്ടായി. പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാം. അത് പരിഹരിച്ച് ഇപ്പോൾ ഫുൾ സ്വിങ്ങിൽ പണി നടക്കുന്നു.

മി.സ്പീക്കർ : ചോദ്യം 93

(ചോദ്യകർത്താക്കൾ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ *93-ാം നമ്പർ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.)

വൃദ്ധ നയം

3 (*94) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. രാഘവൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു വൃദ്ധനയം ആവിഷ്കരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്തെ വൃദ്ധജനസംഖ്യ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ കഴിഞ്ഞ സെൻസസ് പ്രകാരം സംസ്ഥാനത്തെ ആകെ ജനസംഖ്യയിൽ വൃദ്ധജനങ്ങൾ എത്ര ശതമാനം എന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ വൃദ്ധജനങ്ങൾ ഇന്നനുഭവിക്കുന്ന മുഖ്യ പ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് വൃദ്ധസദനങ്ങൾ ഇതിനകം സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം വൃദ്ധജനങ്ങളുടെ പരിരക്ഷയ്ക്കായി എന്തൊക്കെ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി എന്ന് വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്തെ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ വൃദ്ധ സദനങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ടോ ; എങ്കിൽ എത്ര ; വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) കേന്ദ്ര സർക്കാർ വൃദ്ധനയം ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നയത്തിന്റെ മാതൃകയിൽ സംസ്ഥാനത്ത് വൃദ്ധനയത്തിന് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഐ) സംസ്ഥാനത്തെ വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ):

(എ & ബി) ഒരു സംസ്ഥാന വൃദ്ധനയം ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നയം അംഗീകരിച്ചശേഷം വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സെൻസസ് പ്രകാരം സംസ്ഥാനത്തെ ജനസംഖ്യയിൽ 8.8% വൃദ്ധജനങ്ങളാണ്.

(ഡി) സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടില്ല.

(ഇ) പത്തനംതിട്ട ഒഴികെയുള്ള 13 ജില്ലകളിലും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പത്തനംതിട്ടയിൽ സന്നദ്ധ സംഘടനകൾ നടത്തുന്ന 5 വൃദ്ധസദനങ്ങൾ ഉണ്ട്. ഇവ കൂടാതെ സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരണം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എഫ്) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വൃദ്ധജനങ്ങളുടെ ചികിൽസയ്ക്ക് 5000 രൂപവരെ ധനസഹായം നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ജി) പ്രവർത്തിച്ചു വരുന്നുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

അനുബന്ധം -II&IIA

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 'എ' (പിരിവിലെ മറുപടി കാണുക)

(ഐ) ഉണ്ട്. സംസ്ഥാന വൃദ്ധനയം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അധികച്ചെലവിന്റെ പകുതിയെങ്കിലും കേന്ദ്ര സർക്കാർ വഹിക്കണമെന്ന് അഭ്യർത്ഥിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് ധനസഹായം നൽകുന്നതും വൃദ്ധസദനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതുമായ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്.

മി.സ്പീക്കർ : ഇത് നല്ല ഒരു ചോദ്യമാണ്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. മക്കൾ ഉണ്ടെങ്കിൽപ്പോലും ഒരു പരിധി കഴിഞ്ഞാൽ ഈ വൃദ്ധ വിഭാഗത്തെ കാര്യമായി ശ്രദ്ധിക്കാത്ത ദയനീയമായ അനുഭവം പല സ്ഥലങ്ങളിലുമുണ്ട്. അവർക്ക് സംരക്ഷണം കൊടുക്കത്തക്ക വിധത്തിൽ വൃദ്ധ സദനം ആരംഭിക്കുകയും ഭക്ഷണവും ചികിത്സയും ഉൾപ്പെടെ ഫലപ്രദമായി കിട്ടാൻ കേന്ദ്ര ഗവൺമെന്റിന്റെ കൂടി സഹായം ഉപയോഗപ്പെടുത്തി അതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യണം. അതു പോലെ തന്നെ സഹകരണാടിസ്ഥാനത്തിൽ വൃദ്ധസദനങ്ങൾ ഉണ്ടാക്കി പ്രവർത്തനം ആരംഭിക്കത്തക്ക വിധത്തിൽവേണ്ട നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീമതി സുശീലാ ഗോപാലൻ : വൃദ്ധനയം അംഗീകരിക്കുന്നതിലൂടെ നമ്മൾ കൂടുതൽ വൃദ്ധസദനങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് ആവിഷ്ക്കരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ 50 ശതമാനം സഹായം ഇക്കാര്യത്തിൽ ലഭിക്കണമെന്നും നമ്മൾ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുകൂടാതെ നമ്മുടെ ത്രിതല പഞ്ചായത്തുകളിലെ പല ബ്ലോക്കുകളിലും ഇപ്പോൾത്തന്നെ വൃദ്ധസദനങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടുതൽ കാര്യങ്ങൾ, പ്രത്യേകിച്ച് ഇപ്പോൾ പണക്കാരായിട്ടുള്ളവർക്കുപോലും അച്ഛനമ്മമാരെ സംരക്ഷിക്കാൻ കഴിയാത്ത ഒരു സാഹചര്യം വന്നിട്ടുണ്ട്. അവർക്ക് പ്രത്യേകമായി ചില സംവിധാനങ്ങൾ ഉണ്ടാക്കുന്ന കാര്യവും ഗവൺമെന്റ് പരിഗണിച്ചു വരികയാണ്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : ഒരു പ്രാരംഭം എന്ന നിലയിൽ ഗവൺമെന്റ് തന്നെ മുൻകൈയെടുത്ത്, സഹകരണ സംഘങ്ങളായാലും കേരളത്തിലെ പ്രധാനപ്പെട്ട പട്ടണങ്ങളിൽ വൃദ്ധസദനങ്ങൾ ആരംഭിച്ചാൽ അവർക്ക് ആവശ്യമായ എല്ലാ സംരക്ഷണവും കൊടുക്കത്തക്ക വിധത്തിൽ നടപടി സ്വീകരിക്കുമോ? കോഴിക്കോട് നേരത്തേ ഇതേക്കുറിച്ച് ഒരാലോചനയൊക്കെ നടന്നിരുന്നതാണ്. ഇതിന് പ്രത്യേക പ്രാധാന്യം കൊടുത്ത് നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : ഇപ്പോൾത്തന്നെ എറണാകുളം പോലുള്ള സ്ഥലങ്ങളിൽ നല്ല വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിനുമുൻകൈയെടുക്കുന്ന സ്ഥാപനങ്ങൾക്ക് ആവശ്യമായ കേന്ദ്ര സഹായം ഉൾപ്പെടെ ലഭ്യമാക്കിക്കൊടുക്കുന്നതിന് എല്ലാ സഹായവും ഗവൺമെന്റ് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. അലി ഹസ്സൻ : കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വൃദ്ധസദനങ്ങൾ നടത്തുന്നുണ്ടോ ; ഇതിനു വേണ്ടി മുന്നോട്ടുവരുന്ന ഗ്രാമ പഞ്ചായത്തുകൾക്കും മറ്റും സർക്കാർ ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം പരിമിതികളുണ്ടെങ്കിൽപ്പോലും ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്. വൃദ്ധനയം പ്രഖ്യാപിക്കുന്നതോടുകൂടി ആവശ്യമായ ചെറിയ സഹായങ്ങൾ ഉണ്ടാകും. അതിന് പരിശ്രമിക്കുകയാണ്.

ശ്രീ. എ. അലി ഹസ്സൻ : വിദേശത്ത് പണിയെടുക്കുന്നവരുടെ മാതാപിതാക്കൾ വൃദ്ധരായിക്കഴിഞ്ഞാൽ അവർക്ക് സുഖജീവിതം നയിക്കാനും ചികിത്സാസൗകര്യങ്ങൾ ലഭിക്കാനും പേയിംഗ് വൃദ്ധസദനങ്ങൾ സ്ഥാപിക്കാൻ സർക്കാർ മുൻകൈയെടുക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : അതാണ് നേരത്തെ പ്രഖ്യാപിച്ചത്. ഇങ്ങനെയുള്ള ചില പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് മുൻകയ്യെടുക്കുന്നവർക്ക് ആവശ്യമായ സഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സെൽ കുടുംബങ്ങളുടെ ആവിർഭാവത്തോടുകൂടി വൃദ്ധസദനങ്ങൾ വളരെക്കൂടുതൽ ആവശ്യമായി വന്നിരിക്കുന്ന ഈ പശ്ചാത്തലത്തിൽ പ്രധാനപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും ജനകീയാസൂത്രണത്തിന്റെ ഭാഗമായി വൃദ്ധസദനങ്ങൾ സംഘടിപ്പിക്കുന്നതിന് ഗവൺമെന്റുതന്നെ മുൻകൈ എടുക്കുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : വൃദ്ധസദനങ്ങൾക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കാൻ പരമാവധി 30 ലക്ഷം രൂപ വരെ കേന്ദ്ര ഗവൺമെന്റ് സഹായം നൽകുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് തന്നെ ഈ പ്രശ്നം ഉന്നയിച്ചതിന്റെ ഫലമായിട്ടാണ് ഇങ്ങനെയൊരു സഹായം ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായത്. പത്ത് അപേക്ഷകൾ ഇതിനകം കേന്ദ്രത്തിലേയ്ക്ക് അയച്ചിട്ടുണ്ട്. ആവശ്യമായ മറ്റ് കാര്യങ്ങളും ചെയ്യുന്നതാണ്.

ശ്രീ. എ. കണാരൻ : കോഴിക്കോട് ജില്ലയിൽ വൃദ്ധസദനത്തിനുവേണ്ടി ഒരേക്കർ കയ്യിൽക്കിട്ടിയിട്ടുണ്ട്. അവിടെ അവശർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ തുടങ്ങി എല്ലാ വിഭാഗത്തിലുമുള്ള വൃദ്ധരുണ്ട്. അവരെ എങ്ങനെ സംരക്ഷിക്കും ? നമ്മുടെ വയസ്സ് കൂടിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ ഈ വൃദ്ധരെ സംരക്ഷിക്കാൻ പ്രത്യേകമായ സംവിധാനത്തിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എന്തൊക്കെയാണ് വ്യവസ്ഥകൾ ?

ശ്രീമതി സുശീലാ ഗോപാലൻ : കേന്ദ്ര ഗവൺമെന്റിൽ വിശദമായ നിവേദനം നടത്തിയതിന്റെ ഫലമായിട്ടാണ് 30 ലക്ഷം രൂപവരെ കെട്ടിടത്തിന് സഹായം കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. സ്ഥാപനങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ കേന്ദ്രത്തിൽനിന്നും ആവശ്യമായ മറ്റ് ഗ്രാന്റുകൾ അന്തേവാസികൾക്ക് കിട്ടുന്നുണ്ട്.

ഈ സ്ഥാപനത്തിലെ ഓരോ അന്തേവാസിക്കും പ്രതിമാസം 250 രൂപ വീതവും വസ്ത്രം, കിടക്ക, മരുന്ന് എന്നിവയ്ക്ക് പ്രതിവർഷം 200 രൂപ വീതവും സർക്കാർ അനുവദിച്ചു വരുന്നു. വൃദ്ധസദനങ്ങൾ കൂടാതെ വൃദ്ധ മന്ദിരങ്ങൾ തുടങ്ങാൻ സന്നദ്ധ സംഘടനകൾക്ക് ഗ്രാന്റു നൽകുന്ന സംസ്ഥാന പദ്ധതിയും നിലവിലുണ്ട്. ഇതുപ്രകാരം 55 വയസ്സിനു മേൽ പ്രായമായ ദുർബലരായ വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്ന സംഘടനയ്ക്ക് ഒരു അന്തേവാസിക്ക് പ്രതിമാസം 100 രൂപ നിരക്കിൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഏതാണ്ട് 158 സ്ഥാപനങ്ങളിലെ അന്തേവാസികൾക്കാണ് ഇപ്പോൾ സഹായം കൊടുക്കുന്നത്. വൃദ്ധസദനങ്ങൾ തുടങ്ങാൻ മുൻകൈയെടുക്കുന്നവർക്ക് സ്ഥലമുണ്ടെങ്കിൽ കെട്ടിടത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ വന്നാൽ കേന്ദ്ര ഗവൺമെന്റിൽ അപേക്ഷിക്കാൻ കഴിയും.

ശ്രീ. കെ. പി. രാജേന്ദ്രൻ : വൃദ്ധസദനങ്ങൾ തുടങ്ങാൻ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇപ്പോൾ 30 ലക്ഷം രൂപ കിട്ടും. എന്റെ നിയോജക മണ്ഡലത്തിൽ കസ്തൂർബാ ഗാന്ധിയുടെ പേരിലുള്ള സ്മാരകം ട്രസ്റ്റുകാർ 30 ലക്ഷം രൂപയുടെ പ്രോജക്ട് കൊടുത്തിട്ട് സാംങ്ഷൻ ചെയ്തുകിട്ടാൻ രണ്ടു വർഷമെടുത്തു. അവർക്ക് പതിനഞ്ചു ലക്ഷം രൂപയേ കിട്ടിയിട്ടുള്ളു. എന്റെ അന്വേഷണത്തിൽനിന്നും മനസ്സിലായത്, കേരള ഗവൺമെന്റിന്റെ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് ഇത് റെക്കമെന്റ് ചെയ്ത് ഡൽഹിയിലേയ്ക്ക് അയച്ചാൽ പിന്നെ ഈ വകുപ്പിന്റെ ചുമതല കഴിഞ്ഞു എന്നാണ്. ഡൽഹിയിൽ പ്രോപ്പറായിട്ട് അന്വേഷിക്കാനോ, തീരുമാനം എടുപ്പിക്കാനോ, സംഖ്യ വെട്ടിക്കുറയ്ക്കാതിരിക്കാനോ ഉള്ള യാതൊരു നടപടിയും ഈ ഡിപ്പാർട്ടുമെന്റിനില്ല. പല സംസ്ഥാനങ്ങളും ചോദിക്കുന്നത് പൂർണ്ണമായി കിട്ടുന്നുണ്ട്. നമ്മുടേത് വെട്ടിക്കുറയ്ക്കുകയാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി, ആവശ്യമായ രീതിയിൽ പരിശോധിച്ച് സംഖ്യ അനുവദിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സാമൂഹ്യക്ഷേമ വകുപ്പിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് ഇതു സംബന്ധിച്ചു നിർദ്ദേശം കൊടുക്കുകയും അവരെക്കൊണ്ട് ഇത് പർസ്യൂ ചെയ്യിക്കാനുള്ള നടപടി സ്വീകരിപ്പിക്കുകയും ചെയ്യുന്നതാണ്.

മി.സ്പീക്കർ : ഇൻഡ്യയിൽ വൃദ്ധ ജനങ്ങൾ ആനുപാതികമായി ഏറ്റവും കൂടുതലുള്ളത് കേരളത്തിലാണ്. അതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ കേന്ദ്ര സഹായം ഇവിടെ ലഭിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീമതി സുശീലാ ഗോപാലൻ : ഇപ്പോൾ ലഭിക്കുന്ന എല്ലാ അപേക്ഷകളും വച്ചുകൊണ്ട് ആവശ്യമായ സഹായം ചെയ്യണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെതന്നെ വൃദ്ധ നയം പ്രഖ്യാപിക്കാൻ ആവശ്യമായ നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. ഒന്നു രണ്ട് മാസത്തിനകം വൃദ്ധ നയം പ്രഖ്യാപിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

to the availbility of funds. Project Team for External Resource Mobilisation will workout details for suitable funding from financial agencies as well as accessing funds from local bodies.

6. The details regarding the administrative and financial matters of the project will be appropriate decided by the Executive Committee of the SIET.

By Order of the Governor

K.JAYAKUMAR
Secretary to Government

To

All the Members (through SIET).
The Principal AG (Audit), Kerala, Thiruvananthapuram.
The AG (A & E), Kerala, Thiruvananthapuram.
The DPI, Thiruvananthapuram.
The Director, SCERT, Thiruvananthapuram.
The Director, SIET,Thiruvananthapuram.
The Spl.Officer, QIP ,SCERT Buildings, Thiruvananthapuram.
The Finance Department.
The Public Relations Department.
The Local Administration Department.
The Planning & EA Department.
The IT Department.
Stock file/Office copy.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[26-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3(94) ന്റെ ഉത്തരം ദയവായി കാണുക]

LIST OF OLDAGE HOMES IN KERALA

Trivandrum

1. Home for the Aged
   S.N.V.Womens Association,
   Saradagiri, Varkala,
   Phone : 602274
2. Care Home,
   Chackai, Trivandrum.
   Phone : 500747

3. Bishop Gnanadason Memorial
Anpu Nilayam, Anpunilayam Building,
L.M.S. Compound, Parasala,
Cheruvarakonam.

4. Sree Karthika Thirunal Lekshmi Bai
Geriatric Centre, Poojapura,
Trivandrum - 12, Phone : 346906.

5. Santhi Bhavan, Bethany Convent,
Kuravankonam, Trivandrum - 02

6. The Secretary,
Swayam Prakash Asramam,
Kulathur, Trivandrum - 695016
Engg. College P.O. Phone : 481484

7. Ananda Nilayam Orphanage & Widow's Home,
Manacadu, Kuriathy, Trivandrum Ph: 478924

8. Mithranikethan Old Age Home,
Vellanad, Trivandurm.

9. Eventide Home
Eventide Home Society for Senior Citizens,
Edavakkode, Parottukonam,
Trivandrum - Ph. 444612

10. Sree Mahaganapathy Sevasramam,
Home for the Aged, P.T.P, Nagar,
Elipodu, Vattiyoorkavu,
Trivandurm. Ph. 361712

11. Bethel Gram,
Bethany Home for the Aged,
Programme Officer,
CSI South Kerala Diocese,
L.M.S. Compound,
Trivandrum. Phone : 315490

12. 'Saranalaya' Home for the Aged,
Jagathi, Trivandrum,
Contact Person:
Smt. Anandam G. Nair,
Phone : 341307

LIBRARY ARCHIVES Kerala Legislative Assembly

13. Karunalaya Old Age Home,
D.M. Convent,
Pothencode,
Trivandrum.

14. Ranigiri Asramam,
Mannanthala,
Trivandurm.

15. 'Thrippadam' Old Age Home,
Nedumangad.

16. Sancta Maria Convent,
(Muthunayagam Home for the Aged)
Plammoodu,
Pattom, Trivandrum - 4

17. Anandamatam Old Age Home,
Anupama Nagar,
Nalanchira,
Trivandrum.

18. Maharani Sethulakshmi Bai
Memorial Geriatric Centre,
Sastri Nagar, Karamana,
Trivandurm.

19. Santhigiri Ashramam,
P.O.Koliyacode,
Via Venjaramood,
Trivandrum Dist. - 695 607

20. Senior Citizens Club,
S.U.T. Hospital, Pattom,
Trivandrum - 4
(Residential accommodation for the Elderly)
Phone : 556611 or 446220

21. 'Gurupaadasramam' Old Age Home,
Chenkottukonam, Via Sreekariyam,
Trivandrum.

Kollam

1. Assissi Vinayalaya,
Kottiyam, Kollam,
Phone : 591091

LIBRARY ARCHIVES Kerala Legislative Assembly

2. Jubilee Mandiram,
   Marthoma Episcopal Silver
   Jubilee Memorial, Pulamon P.O,
   Kottarakkara - 591 932

3. Bharain Centre Senior Citizen's Home,
   Karamoode P.O,
   Kollam - 691 579.

4. M.G.M. Hospital Olde Age Home,
   Chittumala, Near Police Station,
   East Kallada, Koilam.

5. International Centre for Study and Development (for male),
   Valakom, Kollam - 691 532.

6. C.S.I Bethany Ashram of Caring House,
   Post Office Road,
   Chattapetta.

Pathanamthitta

1. Snehasadan Home for the Aged,
   Kuttoor, Tiruvalla,
   Pathamthitta.
2. Ayroor Carmel Agathimandiram,
   Destitute Home, Welligara P.O,
   Tiruvalla - 689 612

3. The Charitable Society of the Daughters of St. Joseph,
   St. Joseph's Convent,
   Palackalthakidi P.O,,
   Tiruvalla - 680 516.

4. Dharmagiri Mandiram,
   Kumbanad,
   Pathanamthitta - 686 547

5. Shalom Bhavan,
   Pallimala, Kuttoor P.O,
   Tiruvalla - 689 106
   Phone : 614646 , 614765

Alappuzha

1. Old Age Home for the Destitute Coir Workers,
   (Indian Express Dt. 12-05-1993),
   Kerala Coir Workers Welfare Fund Board, Alappuzha.

LIBRARY ARCHIVES Kerala Legislative Assembly

(Above the age of 75 in the case of men. Above the age of 65 in the case of Women)

2. St. Joseph's Poor Home,
Punnapra,
Alappuzha.

3. Gandhi Smaraka, Poor Home,
Kayamkulam.

4. J.M.M.Jubilee Mandiram,
Edathuva, 689 575.

Idukki

1. St. Joseph's Prathiksha Bhavan,
Kattappana South P.O,
Idukki - 685 515

2. S.H.Sneha Bhavan,
Paimkulam,
Mayilkombu P.O., Thodupuzha.

3. Assisi Snehasramam,
20th Acre,
Kattappana, Idukki

4. Mariyanagar Destitute Home,
First Mile,
Kumali.

Kottayam

1. Ashakendram,
Near Medical College,
Kottayam.

2. Santhinilayam,
Yonthayar P.O,
Mundakayam, Kottayam.

3. St.John's Home,
Poozhikol,
Kaduthuruthy,
Kottayam.

LIBRARY ARCHIVES Kerala Legislative Assembly

4. Assissi Home for the Aged,
   Kollad, Kottayam - 686 029.

5. Assissigram Home for the Aged,
   Franciscan Association of Assissigram,
   Amenchery, Kottayam - 686 036

6. Rose Bhavan
   Monipally, Pala,
   Kottayam.

7. St.Vincent's Poor Home,
   Changanacherry,
   Kottayam.

8. Mudakapadam Mandiram,
   Manganam, Kottayam - 686 016.

9. Sevagram Avedaha.Bhavan Hospice (Cancer),
   Pothy, Thalayolaparambu,
   Kottayam.

10. Daya Bhavan,
    Karoor Palai,
    Kottayam.

11. St.Vincent Providence House,
    Palai, Kottayam.

12. Asha Bhavan,
    Snehagiri Missionery Sisters,
    Venmani, Valanilam P.O.,
    Mundakayam, Kottayam - 686 514.

13. Bhagya Bhavan Home for the Destitute,
    Little Lourdes Institutions, Kidangoor,
    Kottayam - 686 572.

14. Bishop Tharavil Memorial
    Home for the Aged,
    Tellakam P.O, Kottayam.

15. Devidan Centre,
    Ozanam Society,
    Ozanam Bhavan,
    Palai - 686 575.

LIBRARY ARCHIVES Kerala Legislative Assembly

16. Don Bosco Poor Home,
Kadanadu P.O, Palai,
Kottayam - 686 653.

17. Karunalayam,
Gandhinagar P.O,
Kottayam - 686 005.

18. Parumala Mar Gregorios
Memorial Abhayabhavan,
Pothenpuram P.O, Pambady,
Kottayam - 686 502

19. Reksha Bhavan,
Maniamkulam Chennad P.O,
Kottayam.

20. Society of St. Vicent De- Paul,
St. Mary's Conference,
Kozhuvanal P.O, Kottayam -23

21. St. Roch's Asylum for Women,
Vilakkumarathu,
Poovaraney P.O., Kottayam - 686 577

22. Abhaya Bhavan,
Keezhukunnu,
Kottayam - 686 002.

23. Assissi Little Flower Convent,
Thalayolaparambu,
Kottayam.

24. M.G.M.Abhayabhavan,
Pothenpuram, P.O,
Pambady, Kottayam - 686 502

25. St. Vincent De- Paul Home for the Aged,
Society of St. Vincent De-Paul, Palai,
Kottayam - 75

26. St.Mary's Home for the Aged,
Kozhuvanal, Kottayam - 686 523.

27. St. Joseph's Home for the Aged,
Moonilavu P.O,
Kottayam.

LIBRARY ARCHIVES Kerala Legislative Assembly

28. Mercy Home,
Home for the Aged,
Thedanad P.O, Kottayam - 23.

29. St. Joseph's Home for the Aged,,
Ramapuram P.O,
Kottayam - 76

30. Amala Bhavan Home for the Aged,
T.V. Puram,
Vaikom - 686 606 (Snehagiri Sisters)

31. Kuzhimattom Bethany Ashram,
Kurichi Home Nellikal Road,
Kottayam.

32. Athurashramam Women's Retirement Home,
Women's Wing, Athurashramam,
Sachivathamapuram P.O,
Kottayam .

33. Bethany Home/Vishranthi Bhavan,
Bethany Ashram P.O,
Kuzhimattom, Kottayam - 33.

34. Snehabhavan,
Bharananganam,
Kottayam 686 578

35. Snehalayam,
Karoor P.O,
Pala - 686 590.

Ernakulam

1. House of Providence,
Providence Road,
Ernakulam- 682 018

2. St. Theresa's Mercy Home,
Kacheripady, Ernakulam.

3. Home for the Destitute,
Perimanur, Ernakulam

4. Home for the Aged,
Sisters of Destitute,
Chunangamvely, Alwaye,
Ernakulam.

LIBRARY ARCHIVES Kerala Legislative Assembly

5. Little Flower Poor Home,
Narakkal, Via Vypeen, Ernakulam.

6. Karunalayam Home for Dying Destitute,
B.M.C. P.O,
Thrikkakkara, Ernakulam.

7. Daya Bhavan,
St. Germains Convent,
Chengal, Kalady P.O,
Ernakulam.

8. Snehalayam,
Palayinkeezhu, Nadukani P.O,
Kothamangalam - 91

9. Snehasadan,
St. Theresa's Convent,
Arakuzha P.O,
Muvattupuzha - 72.

10. St. Joseph's Asylum for the Aged,
Holy Family Carmalite Convent,
Kothamangalam - 686 691.

11. St. Joseph's Poor Home,
Peringuzha , Perumbavoor P.O,
Ernakulam- 680 731.

12. St. Joseph's Walf's Home,
Vely, Cochin - 682 001.

13. Evangeline Booth Leprosy,
Hospital, Varikol P.O,
Puthencruz, Ernakulam - 682 208.

14. St. Joseph's Asylum,
Carmalite Monarstry,
Koonanmavu P.O,

15. Sisters of the Destitute,
Samritan Home,
Muvattupuzha - 686 661.

16. Guardian Angel,
Retirement Home, Irapuram,
Keezhillam, Ernakulam.

LIBRARY ARCHIVES Kerala Legislative Assembly

17. Santhigiri Health Complex,
MDA Road, HMT Colony P.O,
Kalamassery, Ernakulam.

18. Augustian Nivas (Home for the Aged),
Sisters of Holy Spirit,
Santidam Convent,
Chunangamveli, Alwaye - 683 105.

19. Sneha Bhavan Vayojanagramam,
Sneha Sishrushalayam,
South Chittor, Kochi,
Ernakulam - 682 027

20. Vanapraste (Home for the Aged),
Sree Ramakrishna Sevasramam,
Kaloor, Ernakulam.

21. Karuna Bhavan,
C/o St. Joseph's Convent,
Sreemoolanagaram,
Kanjoor _ 683 580

22. Santhi Bhavan,
S.H. Convent,
Karukutty - 683 576.

23. Good Hope,
Relief Settlement Anex,
No.11/833, Fort Cochin,
Cochin - 682 001.

24. Sisters of Holy Spirit,
Sandhidam Convent,
Chunangamvely,
Aluva, Ernakulam - 683 105.

25. Amala Bhavan,
Peechingaprambu, Edappally North,
Ernakulam - 682 024.

26. Aluva Fellowship Home,
U.C. College,
Aluva - 683 102.

LIBRARY ARCHIVES Kerala Legislative Assembly

27. Karunalayam,
Paduvapuram, Karukutty,
Angamally.

28. Nirmala Bhavan,
Karumalloor, Thattampady,
Aluva, Ernakulam - 683 511.

29. Vishrama Sadan Old Age Home,
Sreenarayanagiri,
Thottumugham, Aluva.

30. Carmel Home,
Varappuzha P.O,
Edampadam,
Ernakulam.

31. Govt. Old Age Home,
Thevara, Ernakulam.

32. Prasanthi Old Age Home,
Near Kalikkotta Palace,
Thripunithara, Ernakulam.

33. Davidan Centre,
Malayattoor P.O,
Ernakulam.

34. Paramabhattara Sree Bhakthananda,
Gurukulasramam, C.K.Puram,
Puthencruz, Ernakulam.

35. Ananda Bhavan Home for the Aged,
Sisters of Destiutute,
Kurichilakode, Kodanad,
Perumbavour - 683 544.

36. Soukhya Sadan Old Age Home,
Chethipuzha,Ernakulam - 682 315.

37. St. Joseph's Poor Home,
Peringuzha, Perumbaloor P.O
Via, Muvattupuzha,
Ernakulam - 686 661.

LIBRARY ARCHIVES Kerala Legislative Assembly

Calicut

1. J.D.T. Islam Orphanage,
   P.B.No.1702
   Calicut.

2. The Poor Homes Society
   West Hill
   Kozhikode.
   Phone : 365602 & 754062

3. "Homage"
   33/709, A.R.Camp Road,
   Marikunnu, Kozhikode - 673 012

4. St. Vincent Old Age Home,
   Opp. Dist. Court,
   Calicut, Kozhikode.

5. Sneha Bhavan,
   Koya Road,
   Puthiyangadi,
   Kozhikode.

6. Karuna Bhavan,
   Chevayoor,
   Vrindavan Colony,
   Kozhikode.

7. Mythree Mandiram,
   Chalappuram,
   Kozhikode.

8. Missionaries of Charity
   Mercy Home,
   Marikkunnu,
   Kozhikode - 673 012.

9. Vishranthi Bhavan,
   Chathakottu Nadu,
   Kuttyadi, Kozhikode.

10. Government Old Age Home,
    Korachambath, Keexhoor,
    Meladi Panchayat,
    Kozhikode.

LIBRARY ARCHIVES Kerala Legislative Assembly

Palaghat

1. Mercy Home for the Aged Destitute,
   Mercy College,
   Palaghat - 678 006

2. C.S.I. Old People's Home,
   The North Kerala Dioceses
   Charities Association,
   Vadakanchery P.O.,
   Palakkad - 678 683.

Malappuram

1. ISS Old Age Home,
   Manathumangalam,
   Perinthalmanna.

2. Old Age Home,
   Hajiyarpalli,
   Malappuram.

Thrissur

1. Vanaprastha Nilayam,
   Hind Navodhana Prathishatan,
   Vysathapovanam P.O,
   Vyasagiri, Thrissur - 680 623

2. Christ Villa Poor Home,
   R.V. Puram, Thrissur - 680 050

3. Fathima Bhavan,
   Fathima F.C. Convent.
   Poyya P.O., Thrissur - 680 733

4. Karuna Bhavan,
   Sisters of Destitute,
   Mala, Thrissur - 680 732.

5. St. Joseph's Home,
   Olarikara P.O,
   Pullazhi, Thrissur - 680 102.

6. Bethel Ashram Old People's Home,
   Mission Quarters,
   Thrissur - 689001

LIBRARY ARCHIVES Kerala Legislative Assembly

7. Fathima Bhavan,
   Poya P.O,
   Thrissur - 690 733

8. Karuna Bhavan,
   Christ Convent,
   C/o St. Joseph's Convent,
   Srimoolanagaram _ 683 503.

9. Pius XII Jubilee Memorial House of Providence,
   Irinjalakuda - 680 121.

10. Santhi Sadanam,
    New Market Road,
    Irinjalakuda - 680 131.

11. Santhi Bhavan,
    S.H.Convent,
    Karukutty - 683 976.

12. Sree Ravivarma Mandiram,
    Nellikkunnu, Thrissur - 680 005.

13. St. Antony's Sankethan,
    Pariyaram P.O,
    Chalakudy Via - 680 721.

14. St. Joseph's Home for the Aged,
    Pulliyilkkunnu,
    Ashtamichira P.O,
    Thrissur - 680 731.

15. Mar Thimotheous Memorial
    Orphange, Kalathode,
    Thrissur - 680 005.

16. Santhiniketan,
    Office of the Home for the Aged & Disabled,
    Chittilappally,
    Thrissur - 680 561.

17. Assissi Nilayam,
    Clarist Convent,
    Marathakara, Ollur,
    Thrissur.

LIBRARY ARCHIVES Kerala Legislative Assembly

18. Mareena Home of St. Anne,
West Fort, Thrissur - 04.

19. Good Shephered Home,
Ponnore, Parapur,
Thrissur Dist. 680 552.

20. Holy Family Home for the Aged,
Mannuthy, Thrissur.

21. House of Providence,
Home for the Aged,
Irinjalakkuda.

Kannur

1. Karunya Bhavan,
Karunapuram,
Thadikadavu,
Kannur - 670 581.

2. Dinasevanasabha Snehaniketan,
St.Joseph's Centre for Aged & Disabled,
Social Centre, Ariyil P.O,
Pattuvam, Kannur - 670 143.

3. Deivdan Centre,
Kollayad P.O,
Tellicherry Taluk,
Kannur - 670 648.

4. Franciscan Clarist Convent,
Kunnoth, Kilianthara P.O,
Iritty, Via Kannur - 670 706

5. Karunalayam,
Bishop Vallopilly Jubille Memorial Home for the Aged,
Chemperi P.O, Kannur - 670 632.

6. Snehanikethan Social Centre,
Taliparambu, Pattuam,
(Dinasavanasabha Snehanikethan Social Centre).

7. Sneha Bhavan,
St. Joseph's Charitable Society,
Alacherry, Chittariparambu, Kannur.

LIBRARY ARCHIVES Kerala Legislative Assembly

Wayanad

1. Santhi Sadanam,
   Manavasena Charitable Trust,
   Kalpatta,
   Wayanad.

2. Iyka Nikethan Rehabilitation Centre,
   Meppady P.O, Wayanad.

Kasarkode

1. Yos Nivas,
   Chittarikkal,
   Kasarkode - 671 326.
   (Director Mr.C.J. Kuriakose)
   Phone : 721 233.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II (a)

[26-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3(94) -ന്റെ ഉത്തരം ദയവായി കാണുക]

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങൾ

1. കെയർ ഹോം, ചാക്ക, തിരുവനന്തപുരം
2. വൃദ്ധമന്ദിരം, കിളികൊല്ലൂർ, കൊല്ലം.
3. വൃദ്ധവികലാംഗ സദനം, ആലപ്പുഴ.
4. വൃദ്ധസദനം, ഇത്തിത്താനം, ചങ്ങനാശ്ശേരി, കോട്ടയം.
5. വൃദ്ധസദനം, തേവര, എറണാകുളം.
6. വൃദ്ധസദനം, രാമവർമ്മപുരം, തൃശ്ശൂർ.
7. വൃദ്ധസദനം, മലപ്പുറം.
8. വൃദ്ധവികലാംഗസദനം, മടത്തികാനം, ഇടുക്കി.
9. വൃദ്ധവികലാംഗസദനം, കൊടുവായൂർ, പാലക്കാട്.
10. വൃദ്ധവികലാംഗസദനം, കുമ്പളക്കാട്, പാലക്കാട്.
11. വൃദ്ധസദനം, ചേപ്പാട്, കണ്ണൂർ
12. വൃദ്ധസദനം, മേലടി, കോഴിക്കോട്.
13. വൃദ്ധസദനം, ചെറുവത്തൂർ, കാസർഗോഡ്.